കേരള നഗരവികസന ധനകാര്യ കോർപ്പറേഷന്റെ ആഫീസ്

1196 [2162] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെ കോഴിക്കോട് ഓഫീസ് എന്നു മുതൽ പ്രവർത്തിച്ച് തുടങ്ങി;

(ബി) ഇതിന്റെ ആരംഭം മുതൽ 30–6–1986 വരെ ആകെ എത്ര സംഖ്യ വാടകയായി കൊടുത്തു;

(സി) സ്വകാര്യ ഹോട്ടലിലെ കോൺഫറൻസ് ഹാളിൽ പ്രവർത്തിക്കുന്ന ഈ ആഫീസിന്റെ ഇന്നത്തെ മാസ വാടക എത്രയാണ്;

(ഡി) ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർക്ക് കമ്പനി വക കാർട്ടേഴ്സ് ഉണ്ടോ; ഇത് സ്ഥിരമായി ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഇ) ഓഫീസ് സ്വന്തം കെട്ടിടത്തിലോ അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടറുടെ കാർട്ടേഴ്സിലോ, പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28–1–1970 മുതൽ

(ബി) 2,30,642 ക.

(സി) ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് സ്വകാര്യ ഹോട്ടലിലെ കോൺഫറൻസ് ഹാളിലല്ല. മാസ വാടക 7262 രൂപയാണ്.

(ഡി) ഉണ്ട്. സ്ഥിരമായി ഉപയോഗപ്പെടുത്തുന്നില്ല

(ഇ) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പിന്നോക്ക പ്രദേശങ്ങൾക്ക് പുതിയ ഗവൺമെന്റ് സ്കൂളുകൾ

1197 [2163] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ സ്ഥലത്തിന്റെ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

മുകുന്ദപുരം ഗവ. എൽ. പി. സ്കൂളിനു കെട്ടിടം പണിയാൻ നടപടി

1198 [2164] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ മുകുന്ദപുരം ഗവ. എൽ. പി. സ്കൂളിനു സ്വന്തമായി കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നമുറയ്ക്കു കെട്ടിടം പണിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അട്ടപ്പാടിയിലെ അദ്ധ്യാപകർക്കു കമ്പിളിത്തുണി വാങ്ങുവാനുള്ള അലവൻസ്

1199 [2165] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കു കമ്പിളിത്തുണി വാങ്ങുവാനുള്ള അലവൻസ് നൽകാറുണ്ടോ;

(ബി) ഇത് ഏറ്റവും ഒടുവിൽ നൽകിയത് എന്നാണ്;

(സി) ഈ അദ്ധ്യയനവർഷത്തിലെ തുക അടിയന്തിരമായി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഒരു ഉദ്യോഗസ്ഥൻ പ്രസ്തുത അലവൻസിനു അർഹനാകുന്നമുറയ്ക്കു അതു അനുവദിച്ചുവരുകയാണു ചെയ്യുന്നത്. ഇതു തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നതിനാൽ അവസാനമായി നൽകിയ തീയതി പറയുവാൻ സാദ്ധ്യമാകുന്നതല്ല.

(സി) അദ്ധ്യാപകർക്കു അർഹമാകുന്ന മുറയ്ക്കുതന്നെ അലവൻസ് വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

പൈക്കത്തെ ഗവ. വെസ്റ്റ് ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണം

1200 [2166] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുക്കുക എന്ന പദ്ധതിയനുസരിച്ചു പൈക്കത്തെ ഗവ. വെസ്റ്റ് ഹൈസ്കൂളിനു ഒരു കെട്ടിടം നിർമ്മിച്ചു കിട്ടണം എന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിസ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഇല്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്കു നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly